**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6037** — **17-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യസുരക്ഷാ പെൻഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് നിലവിലുള്ള സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഏതിനൊക്കെയാണ് കേന്ദ്രവിഹിതം ഉള്ളതെന്നും അത് എത്രയാണെന്നും അറിയിക്കാമോ;

(എ) സംസ്ഥാനത്ത് നിലവിലുള്ള അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ, ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വിധവാ പെൻഷൻ എന്നീ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. എൻ.എസ്.എ.പി. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള. കേന്ദ്ര വിഹിതം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**അനുബന്ധം**

| **പെൻഷൻ ഇനം** | **പെൻഷൻ ഉപ വിഭാഗം** | **പ്രതിമാസ സംസ്ഥാന വിഹിതം (രൂപ)** | **പ്രതിമാസ കേന്ദ്ര വിഹിതം (രൂപ)** | **ആകെ (രൂപ)** |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 80 വയസ്സിന് താഴെ | 1400 | 200 | 1600 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ് മുതൽ 80 വയസ്സിനു താഴെ വരെ) | 1300 | 300 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സിൽ താഴെ | 1600 | ഇല്ല | 1600 |
| | 40 വയസ്സ് മുതൽ 80 വയസ്സിനു താഴെ വരെ | 1300 | 300 | 1600 |

(ബി) കേന്ദ്രവിഹിതം യഥാസമയം

(ബി) 2020 ഡിസംബർ വരെയുള്ള കേന്ദ്ര വിഹിതം മാത്രമേ ലഭിച്ചിട്ടുള്ളൂ. 2021 ജനുവരി മാസം മുതൽ 2022 ഡിസംബർ മാസം വരെയുള്ള കേന്ദ്ര വിഹിതമായ 463.96 കോടി രൂപ

| | | | |
|---|---|---|---|
| | ലഭിക്കാറുണ്ടോ എന്നും നിലവിൽ ഈ ഇനത്തിൽ കുടിശ്ശിക ഉണ്ടോ എന്നും എങ്കിൽ എത്രയാണെന്നും വിശദമാക്കാമോ; | | കുടിശ്ശികയായിട്ടുണ്ട്. |
| (സി) | കേന്ദ്രവിഹിതം യഥാസമയം ലഭിക്കാറില്ലെങ്കിലും അത്രയും തുക കൂടി സംസ്ഥാനം കണ്ടെത്തി ഗുണഭോക്താക്കൾക്ക് നൽകാറുണ്ടോ; വിശദമാക്കാമോ; | (സി) | കേന്ദ്ര വിഹിതം ലഭിക്കുന്നത് നോക്കാതെതന്നെ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചുവരുന്നു. 2022 ഡിസംബർ മാസത്തെ പെൻഷൻ അനുവദിച്ചത് പ്രകാരം സംസ്ഥാനത്ത് ആകെ 50,28,396 ഗുണഭോക്താക്കളും സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലായി 6,73,569 ഗുണഭോക്താക്കളുമാണ് ഉള്ളത്. വിവിധ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 767.49 കോടി രൂപയും സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകൾക്കായി 105.65 കോടി രൂപയും ചേർത്ത് ആകെ 873.14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അപ്രകാരം പ്രതി വർഷം 10477.68 കോടി രൂപ സംസ്ഥാനം ചെലവഴിക്കേണ്ടതായുണ്ട്. എന്നാൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നീ പെൻഷൻ ഗുണഭോക്താക്കളിൽ 6,88,329 പേർക്കു മാത്രമാണ് കേന്ദ്ര സഹായം ലഭിക്കുന്നത്. |
| (ഡി) | കേന്ദ്രവിഹിതം അവസാനമായി വർദ്ധിപ്പിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | കേന്ദ്ര വിഹിതം അവസാനമായി വർദ്ധിപ്പിച്ചത് 01.10.2012-ലാണ്. |

സെക്ഷൻ ഓഫീസർ